1617
25/3/13



കേരള സർക്കാർ

നം.29280/ജി1/2012/പജപവവിവ

പട്ടികജാതി പട്ടികവർഗ്ഗ വികസന
(ജി) വകുപ്പ്, തിരുവനന്തപുരം
തീയതി: 01.02.2013.

## സർക്കുലർ

വിഷയം:- പജ.പവ.വി.വ – 1996-ലെ കേരള (പട്ടികജാതികളും പട്ടികവർഗ്ഗങ്ങളും) സമുദായ സാക്ഷ്യപത്രങ്ങൾ നൽകൽ, ക്രമീകരണ നിയമവും 2002-ലെ കേരള (പട്ടികജാതികളും പട്ടികവർഗ്ഗങ്ങളും) സമുദായ സാക്ഷ്യപത്രങ്ങൾ നൽകൽ, ക്രമീകരണ ചട്ടങ്ങളും അനുസരിച്ച് നിഷ്കർഷിക്കപ്പെട്ട ഫോറത്തിൽ സമുദായ സാക്ഷ്യപത്രങ്ങൾ നൽകുന്നതിൽ വീഴ്ചവരുത്തുന്നത് - സംബന്ധിച്ച്.

സൂചന:- ഇല്ല.

സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ സമുദായങ്ങളിൽപ്പെട്ടവരുടെ വിവിധ ആവശ്യങ്ങൾക്കായി ഹാജരാക്കുന്നതിന് സമുദായ സാക്ഷ്യപത്രങ്ങൾ നൽകുന്നത് സംബന്ധിച്ച് നിലവിലുണ്ടായിരുന്ന പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനും, അർഹതയില്ലാത്തവർ പട്ടികജാതി പട്ടികവർഗ്ഗ സമുദായങ്ങളിൽപ്പെട്ടവരാണെന്ന സാക്ഷ്യപത്രങ്ങൾ കരസ്ഥമാക്കി പട്ടികജാതി പട്ടികവർഗ്ഗ സമുദായങ്ങളിലുള്ളവർക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുള്ള ആനുകൂല്യങ്ങൾ കവർന്നെടുക്കുന്നത് തടയുന്നതിനുമായിട്ടാണ്, 1996-ലെ കേരള (പട്ടികജാതികളും പട്ടികവർഗ്ഗങ്ങളും) സമുദായ സാക്ഷ്യപത്രങ്ങൾ നൽകൽ ക്രമീകരണ നിയമം സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ടി നിയമത്തിലെ 2 (d) വകുപ്പ് പ്രകാരം സർട്ടിഫിക്കറ്റ് നൽകാൻ ചുമതലയുള്ള അധികാരികളായി അതാത് പ്രദേശങ്ങളിലെ തഹസീൽദാർമാരെയാണ്, 13.05.2003-ലെ 522-ാം നമ്പർ അസാധാരണ ഗസറ്റ് പ്രകാരം നിയോഗിച്ച്, വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. ടി നിയമത്തിലെ 5-ാം വകുപ്പ് പ്രകാരം, ടി അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ എപ്രകാരമാണ് സമുദായ സാക്ഷ്യപത്രങ്ങൾ നൽകേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ടി വകുപ്പിലെ 3-ാം ഉപ വകുപ്പിൽ ഇപ്രകാരം സമുദായ സാക്ഷ്യപത്രങ്ങൾ നൽകുമ്പോൾ അത് ഏതെങ്കിലും നിബന്ധനകൾക്കോ നിർബന്ധത്തിനോ വിധേയമായി നൽകരുതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ടി നിയമത്തിന്റെ 27-ാം വകുപ്പിലെ അധികാരം ഉപയോഗിച്ച് പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളിലെ, 4-ാം ചട്ടത്തിൽ, സമുദായ സാക്ഷ്യപത്രങ്ങൾ

നൽകേണ്ടത് ടി ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള ഫോറം 3-ൽ ആയിരിക്കണം എന്ന് സംശയലേശമെന്യേ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ടി വ്യവസ്ഥകൾ പാലിക്കാതെയും ടി വ്യവസ്ഥകൾക്ക് വിരുദ്ധമായും സമുദായ സർട്ടിഫിക്കറ്റുകൾ തഹസീൽദാർമാർ നൽകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തഹസീൽദാർമാരുടെ ടി നടപടി ടി നിയമത്തിലും ചട്ടങ്ങളിലുമുള്ള പ്രസക്തമായ വ്യവസ്ഥകളുടെ നഗ്നമായ ലംഘനവും ഗുരുതരമായ കൃത്യവിലോപവുമാണ്.

ഈ സാഹചര്യത്തിൽ തഹസീൽദാർമാരുടെ ക്രമരഹിതമായ ടി നടപടി ഭാവിയിൽ ആവർത്തിക്കാതിരിക്കാനായി ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നൽകുന്നു:

1. ഈ സർക്കുലർ പുറപ്പെടുവിക്കുന്ന തീയതി മുതൽ തഹസീൽദാർമാർ പട്ടികജാതി പട്ടികവർഗ്ഗ സമുദായങ്ങളിലെ വ്യക്തികൾക്ക് സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് 1996-ലെ കേരള (പട്ടികജാതികളും പട്ടികവർഗ്ഗങ്ങളും) സമുദായ സാക്ഷ്യപത്രങ്ങൾ നൽകൽ ക്രമീകരണ നിയമവും 2002-ലെ കേരള പട്ടികജാതികളും പട്ടികവർഗ്ഗങ്ങളും) സമുദായ സാക്ഷ്യപത്രങ്ങൾ നൽകൽ ക്രമീകരണ ചട്ടങ്ങളിലെയും പ്രസക്തമായ വ്യവസ്ഥകൾ അനുസരിച്ചും മാത്രമാണ് എന്നുറപ്പു വരുത്തേണ്ടതാണ്.

2. 2002-ലെ കേരള (പട്ടികജാതികളും പട്ടികവർഗ്ഗങ്ങളും) സമുദായ സാക്ഷ്യപത്രങ്ങൾ നൽകൽ ക്രമീകരണ ചട്ടങ്ങളിലെ 4-ാം ചട്ടത്തിലെ 1-ാം ഉപചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള ഫോറത്തിൽ മാത്രമേ സമുദായ സാക്ഷ്യപത്രങ്ങൾ നൽകുന്നുള്ളൂ എന്ന കാര്യം ഉറപ്പുവരുത്തേണ്ടതാണ്.

3. ടി നിയമവും ചട്ടങ്ങളും പ്രകാരം സമുദായ സാക്ഷ്യപത്രങ്ങൾ നൽകുന്ന എല്ലാ ഫയലുകളും നശിപ്പിക്കാതെ സ്ഥിരമായി സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കേണ്ടതും ഓരോ താലൂക്കിലും നൽകുന്ന സമുദായ സാക്ഷ്യപത്രങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.

ടി നിർദ്ദേശങ്ങൾ . തഹീൽദാർമാർ പാലിക്കുന്നുണ്ടോ എന്ന് മൂന്നു മാസത്തിലൊരിക്കലെങ്കിലും താലൂക്ക് ഓഫീസുകളിൽ ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർമാർ/സബ്കളക്ടർമാർ പരിശോധന നടത്തി,

പരിശോധന സമയത്ത് ശ്രദ്ധയിൽപ്പെടുന്ന ന്യൂനതകൾ/വീഴ്ചകൾ പരിശോധനാ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

ജില്ലാ കളക്ടർമാർ, തഹസീൽദാർമാരും, റവന്യൂ ഡിവിഷണൽ ഓഫീസർമാരും ടി നിർദ്ദേശങ്ങൾ പാലിക്കുന്നതിന്, സ്വീകരിക്കുന്ന നടപടികൾ, റവന്യൂ ഉദ്യോഗസ്ഥരുടെ പ്രവൃത്തി പുരോഗതി അവലോകനം ചെയ്യുന്ന യോഗങ്ങളിൽ അവലോകനം ചെയ്യേണ്ടതും, ടി നിർദ്ദേശങ്ങൾ പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്കനടപടി സ്വീകരിച്ച് വിവരം സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ജില്ല കളക്ടർമാർ, താലൂക്ക് ഓഫീസുകളിൽ പരിശോധന നടത്തുമ്പോൾ ടി നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**സുമന.എൻ.മേനോൻ**
**സെക്രട്ടറി**
**പട്ടികജാതി വികസന വകുപ്പ്.**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

To,

1. സെക്രട്ടറി, പട്ടികവർഗ്ഗ വികസന വകുപ്പ്.
2. സെക്രട്ടറി, റവന്യൂ വകുപ്പ്.
3. ലാൻറ് റവന്യൂ കമ്മീഷണർക്ക്.
4. പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക്.
5. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക്.
6. എല്ലാ ജില്ലാ കളക്ടർമാർക്കും.
7. എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും, സബ് കളക്ടർമാർക്കും.
8. എല്ലാ തഹസീൽദാർമാർക്കും.
9. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർക്ക്.
10. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
11. പട്ടികജാതി പിന്നോക്ക സമുദായക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
12. പട്ടികവർഗ്ഗക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
13. പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
14. പട്ടികജാതി വികസന വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
15. വെബ് ആന്റ് ന്യൂ മീഡിയ.
16. കരുതൽ ഫയൽ.